# കേരള സർവകലാശാല

നം. പി.ആർ.071/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അക്കാദമിക് കൗൺസിൽ യോഗം മാറ്റിവച്ചു

സിൻഡിക്കേറ്റംഗം എ.എ. റഹീം പരസ്യമായി വൈസ് ചാൻസലർക്കെതിരെ വധ ഭീഷണി മുഴക്കിയ സാഹചര്യത്തിൽ ഏപ്രിൽ ഒന്നിന് നടക്കാനിരുന്ന അക്കാദമിക് കൗൺസിൽ യോഗം മാറ്റിവച്ചിരിക്കുന്നു. മതിയായ പോലീസ് സംരക്ഷണം ഉറപ്പുവരുത്തിയ ശേഷം യോഗം നടക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ബി.കോം പ്രോജക്ട്/ഡെസർട്ടേഷൻ ആൻഡ് വൈവ വോസി

കേരള സർവകലാശാല ഏപ്രിലിൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ് (2014 റെഗുലർ, 2013 സപ്ലിമെന്ററി അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട്/ഡെസർട്ടേഷൻ ആൻഡ് വൈവ വോസി ഏപ്രിൽ 5, 6 തീയതികളിൽ അതതു കോളേജുകളിൽ നടക്കും.

### പ്രോജക്ട് ഫെലോ: അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാല കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിലെ എമറിറ്റസ് സയന്റിസ്റ്റ് സ്കീമിലേക്ക് പ്രോജക്ട് ഫെലോ താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും. അവസാന തീയതി ഏപ്രിൽ 10.

### ബി.എസ്സി പരീക്ഷ

കേരള സർവകലാശാല മാർച്ച് 27-ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.എസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (ഇമ്മ്യൂണോ ബയോടെക്നോളജി ടിഷ്യുകൾച്ചർ ആന്റ് ഗവൺമെന്റ് റെഗുലേഷൻസ്) (സപ്ലിമെന്ററി) പരീക്ഷ ഏപ്രിൽ നാലിന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### പുന: ക്രമീകരിച്ച തീയതികൾ

കേരള സർവകലാശാല യുവജനോത്സവം പ്രമാണിച്ച് മാർച്ച് 27 മുതൽ 31 വരെ മാറ്റിവച്ച വിവിധ പരീക്ഷകളുടെ പുന: ക്രമീകരിച്ച തീയതികൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിന്റെ (മോണിംഗ് ബാച്ച്) ക്ലാസുകൾ ഏപ്രിൽ അഞ്ചിന് രാവിലെ ഏഴ് മണിക്ക് തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫീസിൽ ആരംഭിക്കുന്നതാണ്. ഇതിലേക്ക് ഏതാനും സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ സി.എ.സി.ഇ.ഇ ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 0471-2302523.

## സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആന്റ് സാനിറ്റേഷൻ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആന്റ് സാനിറ്റേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.യോഗ്യത പത്താം ക്ലാസ് ജയം. ഫീസ് 3000/- രൂപ. കാലാവധി ഒരു മാസം. ക്ലാസുകൾ തിങ്കൾ മുതൽ വെള്ളി വരെ. അവസാന തീയതി ഏപ്രിൽ 12. താൽപര്യമുള്ളവർ തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 0471-2302523.

## പി.ജി.ഡിപ്ലോമ ഇൻ യോഗ തെറാപ്പി: സീറ്റൊഴിവ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം ഏപ്രിൽ മൂന്നിന് ക്ലാസ് ആരംഭിക്കുന്ന പി.ജി.ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസുകൾ തിങ്കൾ മുതൽ ശനി വരെ രാവിലെ ഏഴ് മണി മുതൽ ഒൻപത് മണി വരെ. കോഴ്സ് ഫീസ് 19,500 രൂപ. അപേക്ഷ ഫീസ് 100 രൂപ. താൽപര്യമുള്ളവർ തിരുവനന്ത പുരം പി.എം.ജി. ജംഗ്ഷനിലെ സി.എ.സി.ഇ.ഇ വകുപ്പുമായി ബന്ധപ്പെടുക. അവസാന തീയതി ഏപ്രിൽ ഏഴ്. വിവരങ്ങൾക്ക് ഫോൺ: 0471-2302523.

## പുനർമൂല്യനിർണ്ണയം: തീയതി നീട്ടി

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ ഒന്ന്/രണ്ട് വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ/സപ്ലിമെന്ററി (എസ്.ഡി.ഇ) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അവസാന തീയതി ഏപ്രിൽ 20 വരെ നീട്ടി.

## ജെ.ആർ.എഫ് : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ബയോകെമിസ്ട്രി പഠനവകുപ്പിലെ പ്രൊജക്ടിലേക്ക് കരാറടിസ്ഥാനത്തിൽ ജെ.ആർ.എഫ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഏപ്രിൽ 10. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

## ബി.എ പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന ബി.എ.(ആന്വൽ സ്കീം) (അഫ്സൽ- ഉൽ-ഉലമ ഉൾപ്പെടെ പാർട്ട് മൂന്ന് മെയിനും സബ്സിഡി യറിയും) പരീക്ഷകൾക്ക് എൽ.എസ്.സി. കാസർകോഡ്, എൽ.എസ്.സി. തൃശൂർ, മലപ്പുറം ഫലാഹിയ കോളേജ്, എൽ.എസ്.സി. പാലക്കാട് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചേർത്തല എസ്.എൻ. കോളേജിൽ പരീക്ഷ എഴുതണം. ടി.കെ.എം.എം. കോളേജ് നങ്ങ്യാർകുളങ്ങര പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ കായംകുളം എം.എസ്.എം കോളേജ്, കൊല്ലം എസ്.എൻ.കോളേജ് ഫോർ വിമൻ, ശാസ്താംകോട്ട ഡി.ബി. കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ. കോളേജിൽ പരീക്ഷ എഴുതണം. മാർ ഇവാനിയോസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചെമ്പഴന്തി എസ്.എൻ. കോളേജിൽ പരീക്ഷ എഴുതണം. കൊല്ലം എഫ്.എം.എൻ. കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജിലും പെൺകുട്ടികൾ കൊല്ലം എസ്.എൻ. കോളേജ് ഫോർ വിമനിലും പരീക്ഷ എഴുതണം.

ഗവ.സംസ്കൃത കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഇംഗ്ലീഷ്, സോഷ്യോളജി, മലയാളം എന്നീ വിഷയങ്ങൾ മെയിൻ ആയി അപേക്ഷിച്ചവർ തുമ്പ സെന്റ് സേവിയസ് കോളേജിൽ പരീക്ഷ എഴുതണം. ഹാൾ ടിക്കറ്റുകൾ പുതിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപറ്റേണ്ടതാണ്. ഓൺലൈനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത ഹാൾ ടിക്കറ്റുമായി പരീക്ഷാകേന്ദ്രങ്ങളിൽ എത്തി പരീക്ഷ എഴുതേണ്ടതാണ്. (എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്

തിരുവനന്തപുരം.
31.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098